## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1230 01.07.2015 ൽ മറുപടിയ്ക്ക്

### 'തൃപ്തി 'ന്യായവില ഭക്ഷണശാലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കുറഞ്ഞ ചെലവിൽ ഭക്ഷണം ലഭിക്കുന്നതിന് 'തൃപ്തി 'ന്യായവില ഭക്ഷണശാലകൾ സ്ഥാപിക്കുമെന്ന 2013-14 ലെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഇത്തരം ഭക്ഷണശാലകൾക്ക് എന്തെല്ലാം ഇളവുകൾ നൽകുമെന്നായിരുന്നു ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നത് ; ഇത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (ബി) | സാധാരണക്കാരായ ആളുകൾക്ക്, പ്രത്യേകിച്ച് തൊഴിലാളി വിഭാഗങ്ങൾക്ക് കുറഞ്ഞ ചിലവിൽ ഭക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യ പ്രാപ്തിയ്ക്കുവേണ്ടി 20 രൂപ നിരക്കിൽ ഭക്ഷണം നൽകുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പ്, കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ മഹിളാ സംഘടനകളിൽ കൂടി നടപ്പിലാക്കാനും ഹോട്ടലുകളിലെ കെട്ടിട വാടക, ഇലക്ട്രിസിറ്റി, വാട്ടർ ചാർജ് എന്നിവയ്ക്കായി പ്രതിവർഷം 5 ലക്ഷം രൂപ വരെ സർക്കാർ ഗ്രാന്റായി നൽകാമെന്നും തീരുമാനിച്ചിരുന്നു. ഇതിന് പുറമേ പ്രതിവർഷം 50,000 രൂപ മാനേജീരിയൽ സബ്സിഡിയും വിവിധ സർക്കാർ ഏജൻസികൾ വഴി ഭക്ഷ്യധാന്യങ്ങൾ, പലവ്യഞ്ജനം, പച്ചക്കറികൾ, മത്സ്യം തുടങ്ങിയവ ന്യായവിലക്കും, സൗജന്യ നിരക്കിൽ ഗ്യാസ് കണക്ഷനും ലഭ്യമാക്കുന്നതാണ്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് എത്ര മാവേലി ന്യായവില ഭക്ഷണശാലകൾ ആരംഭിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകാമോ? | (സി) | 52 ന്യായവില ഭക്ഷണശാലകൾ ആരംഭിച്ചിരുന്നു. നിലവിൽ മാവേലി ന്യായവില ഭക്ഷണശാലകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. |

Beena

സെക്ഷൻ ഓഫീസർ